സൂപ്പർവൈസറി ഉദ്യോഗസ്ഥരെ ഡ്രൈവർമാർക്ക് അപകടരഹിത ഡ്രൈവിംഗ്, ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച ഉപദേശം നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡ്രൈവർമാർ അമിത ജോലി നിർവ്വഹിക്കുന്നതായി കണ്ടെത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ജോലി ലഘൂകരിക്കാൻ തീരുമാനിച്ചിട്ടില്ല. മാത്രമല്ല ഇതര ആർ.ടി.സി.കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിൽ ജോലിഭാരം കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം വാഹന പരിശോധന വ്യാപകമാക്കി മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നുണ്ട്. ഇതിനായി സർപ്രൈസ് സ്കാഡ് യൂണിറ്റുകൾക്ക് ആധുനിക സംവിധാനങ്ങളുള്ള അൾക്കോ മീറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഡ്യൂട്ടിക്ക് ഡ്രൈവർമാരെ നിയോഗിക്കുന്നതിന് മുൻപ് അവർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടില്ലെന്ന് കണ്ടെത്താനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യപിച്ച് ഡ്യൂട്ടി ചെയ്യുകയോ, ഡ്യൂട്ടിക്കിടയിൽ മദ്യപിക്കുകയോ ചെയ്യുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കർശനമായിതന്നെ കെ.എസ്.ആർ.ടി.സി.യിൽ നടത്തി വരുന്നു. എതെങ്കിലും ഡ്രൈവർ (ഏത് കെ.എസ്.ആർ.ടി.സി. ജീവനക്കാരനും) മദ്യപിച്ച് ഡ്യൂട്ടി നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിരിച്ചുവിടൽ, സസ്പെൻഷൻ, തരംതാഴ്ത്തൽ, വാർഷിക ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം ബാംഗ്ലൂർ പോലുള്ള ദീർഘദൂര സർവ്വീസുകളിൽ ഓരോ ബസ്സിലും രണ്ട് ഡ്രൈവർമാരെ വീതം നിയോഗിച്ചിട്ടുണ്ട്. നിരവധി ഡ്യൂട്ടികൾക്ക് പ്രധാന ഡിപ്പോകളിൽ ഡ്രൈവർ ചെഞ്ച് (ഡ്രൈവർമാര മാറ്റി നിയോഗിക്കൽ) ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ദിവസം ഡബിൾഡ്യൂട്ടി ചെയ്യുന്നവർക്ക് അടുത്ത ദിവസം പൂർണ്ണമായി വിശ്രമത്തിനായി അനുവദിക്കുകയും ചെയ്യുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യിലെ പരിഷ്ക്കാരങ്ങൾ

86 (2183) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി.യിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നതിൽ എത്ര വർഷം വരെ പഴക്കമുള്ള ബസുകളുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര പുതിയ ബസുകൾ നിരത്തിലിറക്കി ;

(സി) പുതിയ ബസുകൾ നിരത്തിലിറക്കുക വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്ന ഇന്ധനക്ഷമത കുറവിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഒരു ബസ് ഓടിക്കുന്നതിന്റെ ശരാശരി ഇന്ധന ക്ഷമത എത്രയാണ് ;

(ഇ) കൂടുതൽ കാര്യക്ഷമമായി ബസ് സർവ്വീസ് നടത്തുന്നതിന് എന്തൊക്കെ പരിഷ്കാരങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ 13-14 വർഷംവരെ പഴക്കംചെന്ന ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) 2007 - 260 ബസുകൾ

2008 - 832 ബസുകൾ

2009 - 812 ബസുകൾ

2010 - 684 ബസുകൾ. ആകെ 2588 ബസുകൾ നിരത്തിലിറക്കി.

(സി) പുതിയ ബസുകൾ നിരത്തിലിറക്കിയതുകൊണ്ട് ഒരു പരിധിവരെ ഇന്ധനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിന് സഹായകരമാകുന്ന വിധം കെ.എസ്.ആർ.ടി.സി. ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഡ്രൈവർ കൗൺസിലിംഗ്, ഡ്രൈവർ ട്രെയിനിംഗ് മുതലായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിന്റെ ഫലമായി 2004-ൽ 3.86 ആയിരുന്ന കെ.എം.പി.എൽ. 4.27 വരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 4.21 കിലോ മീറ്റർ/ ലിറ്റർ

(ഇ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 1000 ബസുകൾ പുറത്തിറക്കി. 2006 ജൂൺ മാസം പ്രതിദിനം 11.52 ലക്ഷം കി.മീ. സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ പ്രതിദിനം 15 ലക്ഷത്തോളം കിലോമീറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

2006 ജൂണിൽ 2.27 കോടി രൂപ പ്രതിദിനം വരുമാനം ലഭിച്ചിരുന്നത് 2010 നവംബർ മാസത്തിൽ പ്രതിദിന വരുമാനം 3.54 കോടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർണ്ണാടക, തമിഴ്നാട് അന്തർ സംസ്ഥാന സർവ്വീസുകളും ജനപ്രിയ മലബാർ സർവ്വീസുകളും ഉൾപ്പെടെ 1188 സർവ്വീസുകൾ അധികമായി ഓടിച്ചും നിലവിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും തിരുവനന്തപുരം സിറ്റിയിൽ സമാന്തര സർവ്വീസുകളെ നിയന്ത്രിച്ചുമാണ് ഈ നേട്ടം കൈവരിക്കാനായത്.

സർവ്വീസ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കോർപ്പറേഷന്റെ അഞ്ച് വർക്ക്ഷോപ്പുകൾ പൂർണ്ണമായ ഉപയോഗിച്ചുകൊണ്ട് ബസ്ബോഡി നിർമ്മിച്ചുവരികയാണ്. ഇതുവരെ 2571 ബസുകൾ പുതുതായി നിരത്തിലിറക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. 1-2-2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസെന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിതുടങ്ങിയിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അഞ്ച് മേഖലാ ഓഫീസുകൾ ആരംഭിച്ചു. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചിട്ടുണ്ട്. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കുകയും ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകിവരികയുമാണ്. ഇതിന്റെ ഫലമായി 2005-ൽ കെ.എം.പി.എൽ. 3.84 ആയിരുന്നത് ഇപ്പോൾ 4.27 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അപകടം ഒഴിവാക്കുന്നതിനായും തൻമൂലം ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുമായി ബസുകളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കുകയും ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകിവരികയുമാണ്. കേരളത്തിൽ അപകടനിരക്ക് അഖിലേന്ത്യാ നിലവാരത്തിന്റെ മൂന്നിരട്ടിയോളം ഉള്ള സമയത്ത് കെ.എസ്.ആർ.ടി.സി.യുടെ അപകടനിരക്ക് അഖിലേന്ത്യാ അപകട ശരാശരിയിലും താഴെയെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കുന്നതിനായി ബസുകൾ ഇൻഷ്വർ ചെയ്യുന്നുണ്ട്. പുതിയ ബസുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള ഉയർന്ന ക്ലാസ്സ് ബസുകളും ഇൻഷ്വർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

ലഭ്യകരമായ വിധത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസ് ആരംഭിച്ചും മേൽ സൂചിപ്പിച്ച സംവിധാനങ്ങളിലൂടെയും കൂടുതൽ കാര്യക്ഷമമായി ബസ് സർവ്വീസ് നടത്താൻ ശ്രമിച്ചുവരികയാണ്.

നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ്

87 (2186) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയെ ഷോപ്പിംഗ് കോംപ്ലക്സോടുകൂടി നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly